12. കടുക്

13. മഞ്ഞൾ

14. ഉലുവ

ഇതിനുപുറമേ ശബരി തേയിലയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സൂപ്പർമാർക്കറ്റുകളിൽ വിൽപ്പന നടത്തുന്ന വിവിധയിനം ഉപഭോക്തൃ വസ്തുക്കളും റേഷൻകടകളിലൂടെ വിതരണത്തിന് ലഭ്യമാണ്.

(ബി) ഈ പദ്ധതിപ്രകാരം രണ്ടായിരത്തിലേറെ റേഷൻകടകൾവഴി പലവ്യഞ്ജനങ്ങൾ വിതരണം നടത്തുന്നുണ്ട്. കൃത്യമായ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനു മാത്രമായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ ഓരോ വർഷവും അനുവദിക്കുന്ന ഗ്രാന്റിൽ നിന്നാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള തുക വിനിയോഗിക്കുന്നത്. ഈയിനത്തിൽ ഈ വർഷം ഏറ്റെടുക്കേണ്ടിവരുന്ന ബാധ്യത കൃത്യമായി കണക്കാക്കിയിട്ടില്ല.

(ഡി) ഈ പദ്ധതി വിപുലീകരിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട റേഷൻകടകളുടെ എണ്ണം 3000 ആയി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഇ) ഈ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഡിപ്പോകളിലും ആവശ്യാനുസരണമുള്ള അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അവശ്യസാധനങ്ങൾ റേഷൻ ഷോപ്പുടമകൾ ഡിപ്പോയിൽനിന്നും എടുക്കുമ്പോൾ വാഹനത്തിൽ കയറ്റുന്നതിനുള്ള കയറ്റുകൂലി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഹിക്കുന്നുണ്ട്.

109 (1469) റേഷൻ വിതരണം

ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് റേഷൻകടകൾവഴി ഇപ്പോൾ എന്തെല്ലാം സാധനങ്ങൾ എത്ര അളവിൽ വിതരണം ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് റേഷൻകടകൾവഴി എന്തെല്ലാം സാധനങ്ങൾ എത്ര വിലയ്ക്ക് വീതം നൽകിവരുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) മുൻകാലങ്ങളെ അപേക്ഷിച്ച് റേഷൻ ഉപഭോഗം സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇപ്പോൾ പ്രതിമാസം ശരാശരി എത്ര ഭക്ഷ്യധാന്യങ്ങൾ റേഷൻകടകൾവഴി വിതരണം ചെയ്തുവരുന്നുണ്ട്; ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര കൂടുതലാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് ഇപ്പോൾ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പലവ്യഞ്ജനങ്ങൾ, ആട്ട എന്നിവ റേഷൻ കടകൾവഴി വിതരണം ചെയ്തുവരുന്നുണ്ട്. ഇവയുടെ അളവ് താഴെ കൊടുക്കുന്നു.

അരി:- മുതിർന്നവർക്ക് ആഴ്ചയിൽ 2 കിലോഗ്രാം വീതവും കുട്ടികൾക്ക് ആഴ്ചയിൽ 1 കിലോഗ്രാം വീതവും ഇതിൽ ഓരോ കാർഡുടമയ്ക്കും ആഴ്ചയിൽ 4 കിലോഗ്രാം അരി കിലോഗ്രാമിന് 1 രൂപ സബ്സിഡി നൽകി ഓരോ മാസവും 16 കിലോഗ്രാമിൽ കുറയാതെ വിതരണം ചെയ്തുവരുന്നു. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി 3.90 രൂപയ്ക്ക് വിതരണം ചെയ്തുവരുന്നു.

ഗോതമ്പ് :- മുതിർന്നവർക്ക് 2 കിലോഗ്രാമും കുട്ടികൾക്ക് ഒരു കിലോഗ്രാമും എന്ന തോതിൽ ആഴ്ചയിൽ എല്ലാ കാർഡുടമകൾക്കും ഗോതമ്പിന്റെ ലഭ്യതയനുസരിച്ച് വിതരണം നടത്തിവരുന്നു.

പഞ്ചസാര :- റേഷൻ കാർഡിലെ ഓരോ അംഗത്തിനും പ്രതിമാസം 400 ഗ്രാം വീതം വിതരണം നടത്തുന്നു.

മണ്ണെണ്ണ :- വീട് വൈദ്യുതീകരിച്ച കാർഡുടമകൾക്ക് 2 ലിറ്ററും വൈദ്യുതീകരിക്കാത്ത കാർഡുടമകൾക്ക് 5 ലിറ്ററും വീതം പ്രതിമാസം നൽകിവരുന്നു.

പലവ്യഞ്ജനങ്ങൾ :- സംസ്ഥാനത്ത് തെരഞ്ഞെടുത്ത രണ്ടായിരത്തിൽപ്പരം റേഷൻകടകൾവഴി പയറുവർഗ്ഗങ്ങളും പലവ്യഞ്ജനങ്ങളും 100 ഗ്രാം മുതൽ ഒരു കിലോഗ്രാം വരെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ വിതരണം നടത്തുന്നുണ്ട്.

ആട്ട :- ഒരു മാസം 2 കിലോഗ്രാം വരെ ആട്ട മാവ് പാക്കറ്റുകളിൽ കാർഡൊന്നിന് നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാർഡുടമകൾക്ക് ആഴ്ചയിൽ രണ്ടര കിലോഗ്രാം അരി കിലോഗ്രാമിന് 3.90 രൂപാ നിരക്കിലും, ഒരു രൂപ സംസ്ഥാന സബ്സിഡിയോടുകൂടി ആഴ്ചയിൽ നാല് കിലോഗ്രാം അരി 8.60 രൂപാ നിരക്കിലും ബാക്കിയുള്ള അർഹതപ്പെട്ട വിഹിതം കിലോഗ്രാമിന് 9.60 രൂപാ നിരക്കിലും നൽകിവരുന്നു. ഇവയ്ക്ക് പുറമെ ഗോതമ്പ്, പഞ്ചസാര, ആട്ട, മണ്ണെണ്ണ, പലവ്യഞ്ജനങ്ങൾ തുടങ്ങിയ റേഷൻ സാധനങ്ങളും നൽകുന്നുണ്ട്.

(സി) മൊത്തത്തിൽ വർദ്ധനവ് ഉണ്ടെങ്കിലും 29.1.99 ന് കേന്ദ്ര സർക്കാർ റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചതിനുശേഷം ഉപഭോഗത്തിൽ പൊതുവെ കുറവ് കാണുന്നുണ്ട്.

(ഡി) പ്രതിമാസം ഇപ്പോൾ 145320 മെ. ടൺ അരിയും 37720 മെ. ടൺ ഗോതമ്പും വിതരണം നടത്തിവരുന്നു. ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ഉപഭോഗം സംബന്ധിച്ച കണക്ക് താഴെ പറയുന്നു.

1988	അരി	ഗോതമ്പ്
1/98	1360482	38062.6
2/98	112660	43646.3
3/98	131582.7	51298.3
4/98	119582.2	40208

LIBRARY ARCHIVES Kerala Legislative Assembly

5/98	121129.7	39052
6/98	133347.1	37880
7/98	131529.3	37579.7
8/98	150679.3	36832.1
9/98	132660.2	38312.6
10/98	159147.3	36818.6
11/98	156204.6	32677.6
12/98	154938.1	32127.5
	1639508.7	464495.3

1999	അരി	ഗോതമ്പ്
1/99	138231.6	27077.4
2/99	108266.7	25649.4
3/99	116805.1	26306.4
4/99	118739.5	21081.0
5/99	113673.5	17974.3
	595716.4	118088.5

110 (1470) റേഷൻ അരി വില വർദ്ധനവ് പകുതിയായി കുറയ്ക്കാൻ നടപടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം ഈയിടെ റേഷൻ അരിക്ക് വർദ്ധിപ്പിച്ച വില സംസ്ഥാനത്തെ റേഷൻ അരിയുടെ ഉപഭോഗത്തെ എപ്രകാരം ബാധിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) വില വർദ്ധനവ് പകുതിയാക്കുന്ന പക്ഷം സംസ്ഥാനത്ത് റേഷൻ അരിയുടെ ഉപഭോഗത്തിൽ കാര്യമായ വർദ്ധന ഉണ്ടാകുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇപ്പോൾ വരുത്തിയ വർദ്ധനവ് പകുതിയായി കുറയ്ക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly